# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3171** | **18/06/2019 ൽ മറുപടിക്ക്**

## കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായമേഖലയിൽ ഇടനിലക്കാരെ ഒഴിവാക്കി കൂടുതൽ നേട്ടം കൈവരിക്കുമെന്ന ലക്ഷ്യത്തിൽ 2017- ൽ ഈ സർക്കാർ കശുവണ്ടി വ്യവസായ കോർപ്പറേഷനെ ഒഴിവാക്കി കാഷ്യൂ ബോർഡ് രൂപീകരിച്ച ശേഷം കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബോർഡിന്റെ പ്രവർത്തന ലാഭം/ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | കശുവണ്ടി വികസന കോർപ്പറേഷനെ ഒഴിവാക്കിയാണ് കേരള കാഷ്യു ബോർഡ് രൂപീകരിച്ചതെന്ന ചോദ്യം ശരിയല്ല. തോട്ടണ്ടി ദൗർലഭ്യം കാരണം പൊതുമേഖലാഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിയാതിരുന്നതും സർക്കാർ ധനസഹായം കൊണ്ടുമാത്രം ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്താൻ കഴിയാതിരുന്നതും കാഷ്യുകോർപ്പറേഷനും കാപെക്സിനും ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകാൻ വിസമ്മതിച്ചതിനെതുടർന്നുമാണ് ധനകാര്യസ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി കേരള കാഷ്യു ബോർഡ് രൂപീകരിച്ചത്. ലാഭമുണ്ടാക്കലല്ല കാഷ്യുബോർഡിന്റെ ലക്ഷ്യം. ഗുണമേൻമയുള്ള തോട്ടണ്ടി ന്യായമായ നിരക്കിൽ ഉല്പാദകരാജ്യങ്ങളിൽ നിന്നും ലഭ്യമാക്കി കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് ബോർഡിന്റെ രൂപീകരണോദ്ദേശം. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തിച്ചുവന്നിരുന്ന എത്ര കശുവണ്ടി ഫാക്ടറികൾ അടച്ചു പൂട്ടിയെന്നുള്ള കണക്ക് നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി ഫാക്ടറികൾ അടച്ചു പൂട്ടിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിലെ ചെറുകിട സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദീകരിക്കുമോ? | (സി) | കടക്കെണിമൂലം അടച്ചുപൂട്ടിയ സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി വ്യവസായികളുമായും ബാങ്കുകളുമായും എസ്.എൽ.ബി.സിയുമായും ബഹു. മുഖ്യമന്ത്രി നടത്തിയ മീറ്റിംഗുകളെത്തുടർന്ന് വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണപാക്കേജ് വിലയിരുത്തി ശുപാർശ ചെയ്യാൻ നിയോഗിക്കപ്പെട്ട മൂന്നംഗ കമ്മിറ്റി ഇതുവരെ 285 വ്യവസായങ്ങളെ കേട്ടിട്ടുണ്ട്. അതിൽ 176 എണ്ണം പ്രവർത്തന ക്ഷമമാക്കാൻ കഴിയുന്നതാണെന്നും 67 എണ്ണത്തിന് ഒറ്റത്തവണ തീർപ്പാക്കൽ മാത്രമാണ് പരിഹാരമെന്നും അസറ്റ് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിക്ക് കൈമാറിയതുൾപ്പെടെ മേൽ വിഭാഗത്തിൽ ഉൾപ്പെടാത്ത 42 വ്യവസായങ്ങളെയും കണ്ടെത്തിയിട്ടുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 06/02/2019-ൽ ചേർന്ന ബന്ധപ്പെട്ടവരുടെ യോഗത്തിൽ വ്യവസായികളുടെ വായ്പയ്ക്ക് നൽകേണ്ട പലിശ മുഴുവൻ സർക്കാർ വഹിക്കുമെന്നും, പിഴ പലിശ ഒഴിവാക്കുമെന്നും വ്യവസായത്തിന് നൽകുന്ന വായ്പയിന്മേലുള്ള പലിശ 9 ശതമാനമായി ഏകീകരിക്കുമെന്ന വ്യവസായികൾ ധനകാര്യസ്ഥാപനങ്ങൾക്ക് നൽകേണ്ട വായ്പ കുടിശ്ശികയും വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി കുടിശ്ശികയും ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. വായ്പയിന്മേൽ സബ്സിഡി നൽകുന്നതിനായി സർക്കാർ ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. അതിനെ തുടർന്ന് പൂട്ടിക്കിടന്ന നിരവധി വ്യവസായങ്ങൾക്ക് ബാങ്കുകൾ വായ്പ നൽകി വരികയാണ്.<br><br>എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ സ്വകാര്യ വ്യവസായങ്ങൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യു ബോർഡ് ഇപ്പോൾ തയ്യാറാണ്. |

സെക്ഷൻ ഓഫീസർ